## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- ടി.1562 — 07.03.2018-ലെ മറുപടിയ്ക്ക്

## പദ്ധതി നടത്തിപ്പിലെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസം കാരണം പദ്ധതി ചെലവ് പല മടങ്ങ് വർദ്ധിക്കുന്നുവെന്ന കാര്യം ശ്രദ്ധ യിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നിലവിൽ പദ്ധതികൾക്ക് സാങ്കേ തികാനുമതി നൽകുന്നതിനുള്ള പൂർണ്ണാധികാരം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണോ; | (ബി) | പദ്ധതികളുടെ സാങ്കേതിക അനുമതി നൽകുന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ അധികാരപരിധിയിലാണ്.<br>പദ്ധതികളുടെ സ്വഭാവം, അടങ്കൽ തുക എന്നിവ അനുസരിച്ചായിരിക്കും പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം വിവിധ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്. |
| (സി) | പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ; | (സി) | വാർഷിക പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരുകയും യോഗത്തിൽ ഓരോ വകുപ്പിന്റെയും പദ്ധതി പുരോഗതി അവലോകനം നടത്തുന്നുമുണ്ട്.<br>കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓരോ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ഈ സന്ദർഭത്തിൽ പദ്ധതിയുടെ നടത്തിപ്പ് വേളയിൽ എന്തെങ്കിലും |

| | | | |
|---|---|---|---|
| | | | തടസ്സങ്ങൾ അനുഭവപ്പെട്ടുമ്പോൾ, [illegible] മാറ്റുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. കൂടാതെ എല്ലാ വകുപ്പിലെയും പ്രധാനപ്പെട്ട പ്രോജക്ടുകൾ മുഖ്യമന്ത്രി പ്രത്യേകമായി അവലോകനം നടത്തി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നുണ്ട്. കൂടാതെ, സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതിയുടെ ചർച്ചാവേളയിൽ പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. താഴെത്തട്ടിൽ ജില്ലാ കളക്ടർമാർ എല്ലാ മാസവും സംസ്ഥാന പദ്ധതി പുരോഗതി ജില്ലാ വികസന കൗൺസിലിൽ അവലോകനം നടത്താറുണ്ട്. |
| (ഡി) | വൻകിട പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നത് പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസം കുറയ്ക്കുവാൻ ഇടയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ